**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** **04-08-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ സൂപ്പർ മാർക്കറ്റുകളുടെയും ഔട്ട് ലെറ്റുകളുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സപ്ലൈകോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. (i) സർക്കാരിന് വേണ്ടി പൊതുവിപണിയിൽ ഇടപെട്ട് അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ച് നിർത്തുന്നു. (ii) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 2016 ഏപ്രിൽ മാസത്തിനു ശേഷം പ്രസ്തുത സബ്സിഡി വില്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്. (iii) സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉത്സവ |

കാലയളവുകളിൽ (ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ) നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ചന്തകൾ പ്രവർത്തിക്കുന്നു. (iv) ജീവൻ രക്ഷാ മരുന്നുകൾ അടക്കം, സാധാരണക്കാരന് കുറഞ്ഞ വിലയിൽ മരുന്നുകൾ എത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു. (v) പെട്രോളിയം ഉൽപ്പന്നങ്ങളുടെയും എൽ. പി. ജി. യുടെയും വില്പന കേന്ദ്രങ്ങൾ നടത്തുന്നു. (vi) കേരള സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്ന സർക്കാർ നോഡൽ ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുന്നു. (vii) സർക്കാരിന് വേണ്ടി കർഷകരിൽ നിന്ന് നെല്ല് സംഭരണം നടത്തുകയും സംഭരിച്ച നെല്ല് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനുമായി സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഡിപ്പോ തലത്തിലുള്ള ആവശ്യകത ശേഖരിച്ച്, ഇ-ടെണ്ടർ നടത്തിയാണ് സപ്ലൈകോ അവശ്യ സാധനങ്ങൾ വാങ്ങുന്നത്. ഇതിനു പുറമെ, ഇ-ഓക്ഷൻ രീതിയും വാങ്ങലിനായി അവലംബിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും, അവശ്യ വസ്തുക്കളുടെ ലഭ്യത സപ്ലൈകോ വില്പനശാലകളിൽ ഉറപ്പ് വരുത്തുന്നതിനും വിലനിലവാരം പിടിച്ച് നിർത്തുന്നതിനും സാധിക്കുന്നുണ്ട്. വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇ-ടെണ്ടർ, ഇ–ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ചും, നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടും അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിനാൽ പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കോവിഡ് കാലത്തെ സർക്കാരിന്റെ കരുതൽ, സപ്ലൈകോയിലൂടെ കോവിഡ് വ്യാപനം തടയുന്നതിനായി

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗൺ സംസ്ഥാനത്തെ നാനാതുറയിലുള്ള ജനങ്ങളുടെയും ജീവിതത്തെ ദുരിതത്തിലാഴ്ത്തിയപ്പോൾ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തത് സപ്ലൈകോയാണ്. 2020 ഏപ്രിൽ മുതൽ 2021 ജൂൺ വരെ എല്ലാ റേഷൻ കാർഡുടമകൾക്കും 12 സൗജന്യ കിറ്റുകളാണ് റേഷൻ കടകൾ വഴി സംസ്ഥാന സർക്കാർ വിതരണം ചെയ്തത്. ഈ കിറ്റുകളെല്ലാം തയാറാക്കി റേഷൻ കടകളിലേക്ക് വിതരണം ചെയ്തത് സപ്ലൈകോയാണ്. കൂടാതെ മൽസ്യ തൊഴിലാളികൾ, അതിഥിതൊഴിലാളികൾ, സ്കൂൾ കുട്ടികൾ, തുടങ്ങിയവർക്കും ഈ കോവിഡ് കാലത്ത് ആശ്വാസമേകാൻ സംസ്ഥാന സർക്കാർ നിർദ്ദേശം പ്രകാരം കിറ്റുകൾ തയാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ഔട്ട് ലെറ്റുകളും നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ; | (ബി) | പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും മറ്റ് ഔട്ട് ലെറ്റുകളും നിലവിൽ നവീകരിച്ചുവരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികളും നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കിയും (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകളിൽ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിയും മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യത കൂടി മുൻ നിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | കാര്യക്ഷമമായ വിപണി ഇടപെടൽ നടത്തുന്നതിനായി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും ഔട്ട് ലെറ്റുകളും ഉപഭോക്തൃ സൗഹൃദമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും മറ്റ് ഔട്ട് ലെറ്റുകളും നിലവിൽ നവീകരിച്ചുവരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികളും നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കിയും (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകളിൽ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിയും മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യത കൂടി മുൻ നിർത്തി |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ഡി) | സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഔട്ട് ലെറ്റുകളിലും നിലവാരമുള്ള സ്ത്രീ സൗഹൃദ ടോയ് ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കും. സപ്ലൈകോ വിൽപ്പനശാലകളുടെ കെട്ടിടമാറ്റം, പുതിയ വിൽപ്പനശാലകൾക്കായി കെട്ടിടം ഏറ്റെടുക്കൽ മുതലായ സാഹചര്യങ്ങളിൽ ശുചിമുറി സൗകര്യം കൂടി ഉറപ്പാക്കി മാത്രമാണ് കെട്ടിടങ്ങൾ ഏറ്റെടുക്കാൻ അനുമതി നൽകി വരുന്നത്. നിലവിലെ വിൽപ്പനശാല കെട്ടിടങ്ങളുടെ വാടക കരാർ പുതുക്കുന്ന അവസരങ്ങളിലും ശുചിമുറി സൗകര്യം ഉറപ്പാക്കി മാത്രമാണ് കരാർ പുതുക്കുന്നതിന് നിർദ്ദേശം നൽകുന്നത്. |

സെക്ഷൻ ഓഫീസർ